ശ്രീ. എം. എൻ. ഗോവിന്ദൻനായർ : ഉദ്ദേശിക്കുന്നുണ്ട്. രണ്ടാം ഘട്ടം കൂടുതൽ ആകർഷകമായ രീതിയിലാണ് റിസർവ് ബാങ്ക് അനുവദിച്ചിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ 10.25 ശതമാനം പലിശ ആണ് അനുവദിച്ചിട്ടുള്ളത്. രണ്ടാം ഘട്ടത്തിൽ 12 ശതമാനമാണ് നിക്ഷേപകർക്ക് പലിശ കൊടുക്കാൻ അനുവദിച്ചിട്ടുള്ളത്. അതുപോലെതന്നെ അഞ്ചുകോടി രൂപ പിരിക്കാൻ അനുവദിച്ചിട്ടുണ്ട്. പിന്നെ ആരംഭിക്കാത്തതെന്താണെന്ന് ചോദിച്ചാൽ കഴിഞ്ഞ തവണ പ്രധാനമായും ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥൻമാർ മുൻകൈയെടുത്ത് ഈ സ്കീം നടപ്പിലാക്കുകയാണ് ചെയ്തത്. വളരെ വിജയകരമായി രണ്ട് കോടി രൂപ പിരിക്കുന്നതിനു പകരം രണ്ടേകാൽ കോടി രൂപ പിരിക്കാൻ അവർക്ക് കഴിഞ്ഞു. അവരുടെ സേവനം ഇക്കാര്യത്തിൽ വളരെയധികം പ്രയോജനപ്പെട്ടിട്ടുണ്ട്. എന്നാൽ അവർ സാധാരണ ആളുകളോടു ചോദിക്കുന്നത് ആവശ്യക്കാർ കണക്ഷനുവേണ്ടി ചെല്ലുമ്പോഴും മാത്രമാണ്. ഇതിന്റെ പേരിൽ ആ പദ്ധതി ഇതുമായി ലിങ്കപ്പ് ചെയ്തതാണോ എന്നൊരു ധാരണ ഉണ്ട്. ഈ ധാരണ മാറ്റാൻ ഏരിയാ ഡവലപ്പ്മെന്റ് ബേസിസിൽ ഒരു പ്രദേശത്തുനിന്ന് പിരിക്കാവുന്ന പണം പിരിച്ച് ആ പ്രദേശത്തിന്റെ ഡവലപ്പ്മെന്റിന് പ്രയോജനപ്പെടുത്തണമെന്നാണ് ഉദ്ദേശിക്കുന്നത്. അങ്ങനെ വരുമ്പോഴും പണം അടക്കുന്ന കൺസ്യൂമർക്ക് മാത്രമല്ല കണക്ഷൻ കൊടുക്കുന്നത് മറ്റുള്ളവർക്കും കൊടുക്കും. ഏരിയാ ഡവലപ്പ്മെന്റ് സ്കീമിൽ രാഷ്ട്രീയ പാർട്ടി നേതാക്കൻമാർ എം. എൽ. എ. മാർ, എം. പി. മാർ, പഞ്ചായത്ത് പ്രസിഡൻറുമാർ, അദ്ധ്യാപകർ തുടങ്ങി നാട്ടിന്റെ ആകെ അഭിവൃദ്ധിയിൽ താൽപര്യമുള്ള എല്ലാവരേയും യോജിപ്പിച്ചുകൊണ്ട് അഞ്ച് കോടി രൂപ എന്നുള്ളത് പത്ത് കോടി രൂപയെങ്കിലും പിരിക്കത്തക്കരീതിയിൽ മുന്നോട്ടു പോകണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്. അതിന് കളമൊരുക്കുന്നതിനുള്ള കാലതാമസം മൂലമാണ് ഇതുവരെ തുടങ്ങാതിരുന്നത്. 1977 ആരംഭിക്കുന്നതോടുകൂടി രണ്ടാംഘട്ടം ആരംഭിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

നെല്ലിന് തറവില

* 33 [61] ശ്രീ. കെ. എ. ശിവരാമഭാരതി: † താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി-തൊഴിൽമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ലിന് ഉൽപാദനചെലവുമായി ബന്ധപ്പെടുത്തി തറവില നിശ്ചയിക്കണമെന്നും അങ്ങിനെ ആ നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷനെക്കൊണ്ടോ, മാർക്കറ്റിംഗ് ഫെഡറേഷനെക്കൊണ്ടോ വാങ്ങിപ്പിക്കണമെന്നും കർഷകകോൺഗ്രസ് അദ്ധ്യക്ഷൻ ഈയിടെ പാലക്കാട്ടുവെച്ച് ഒരു പ്രസ് കോൺഫറൻസിൽ പ്രസ്താവിച്ചത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

കൃഷിയും തൊഴിലും മന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) :

(എ) ഇല്ല. എന്നാൽ നെല്ലിന് അടുത്ത കാലത്തുണ്ടായിട്ടുള്ള വിലക്കുറവ് നെൽക്കർഷകരെ സാരമായി ബാധിച്ചിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്:

† Question put by Shri P. G. Purushothaman Pillai.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നെല്ലിന്റെ ലെവിവില നിശ്ചയിക്കുന്നത് കേന്ദ്രഗവൺമെന്റാണ്. അതിനാൽ കേരളത്തിൽ മാത്രം നെല്ലിന് തറവില നിശ്ചയിക്കണമെന്ന ആശയം പ്രാവർത്തികമാക്കാൻ പ്രയാസമാണ്. ലെവിവിലയിൽ കൂടുതൽ കൊടുത്തു കൃഷിക്കാരിൽനിന്നും സർക്കാർ ഏജൻസികളും അർദ്ധസർക്കാർ ഏജൻസികളും നെല്ലെടുക്കുന്നത് കേന്ദ്രഗവൺമെന്റിന് സ്വീകാര്യമായിരിക്കുകയില്ല. എന്നാൽ ഉത്പാദനച്ചെലവ് വർദ്ധിച്ചതുമൂലം കൃഷിക്കാർക്ക് ഉണ്ടായിട്ടുള്ള പരാധീനതകൾ ലഘൂകരിക്കുന്നതിന് രാസവളങ്ങളുടെ വില കുറയ്ക്കുക, വായ്പാസൗകര്യങ്ങൾ ഉദാരമാക്കുക എന്നീ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നെല്ലിന്റെ ഉൽപാദനച്ചെലവ് കുറയ്ക്കുന്നതിന് സഹായ മാർഗ്ഗങ്ങളെപ്പറ്റി കേരള കാർഷിക സർവ്വകലാശാല പഠനം നടത്തുന്നുണ്ട്.

ശ്രീ. പി. ജി. പുരുഷോത്തമൻ പിള്ള: രാസവളത്തിന്റെ വില കുറയ്ക്കുന്നതിനെപ്പറ്റി പറഞ്ഞു. ഇപ്പോൾ എന്തെല്ലാം വളങ്ങൾക്ക് വില കുറച്ചിട്ടുണ്ട്? ഇപ്പോൾ കുറഞ്ഞവിലയും മൂന്നു വർഷങ്ങൾക്ക് മുമ്പുള്ള വിലയുമായി എങ്ങനെ താരതമ്യപ്പെടുത്താം?

ശ്രീ. വക്കം പുരുഷോത്തമൻ: നാലു തവണ രാസവളങ്ങളുടെ വില കുറച്ചിട്ടുണ്ട്. നാലു വർഷം കുറച്ചെങ്കിലും ഇപ്പോൾ വില കൂടുതലാണെന്നാണ് കർഷകരുടെ അഭിപ്രായം. അതിനോട് ഗവൺമെന്റും യോജിക്കുന്നു. ഇനിയും വില കുറയ്ക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. പി. ജി. പുരുഷോത്തമൻ പിള്ള: രാസവളങ്ങളുടെ ഇപ്പോഴത്തെ വിലയും മൂന്നു വർഷങ്ങൾക്കു മുമ്പുള്ള വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ 150, 170, 200 ശതമാനംവരെ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നുള്ളതാണ് വസ്തുത. നാലു പ്രാവശ്യം കുറച്ചിട്ടും ഇപ്പോഴും ഇവിടെയാണ് നിൽക്കുന്നത്. അല്ലാതെ കർഷകർക്ക് പ്രയോജനകരമായ രീതിയിൽ വില കുറയ്ക്കുന്നതിന് ആലോചനയുണ്ടോ? അതൊന്ന്. പിന്നൊന്ന്, ഇപ്പോൾ രാസവളങ്ങളെപ്പോലെതന്നെ കർഷകർക്ക് വളരെയധികം ആവശ്യമുള്ള ഒന്നാണ് കീടനാശിനികൾ. കീടനാശിനികൾക്ക് മിതമായ വിലയ്ക്ക് കിട്ടുന്നതിനുള്ള എന്തെങ്കിലും പരിപാടിയുണ്ടോ?

ശ്രീ. വക്കം പുരുഷോത്തമൻ: രാസവളങ്ങളുടെ വിലയെ സംബന്ധിച്ചിടത്തോളം നോക്കുകയാണെങ്കിൽ പല ഐറ്റങ്ങൾക്കും സാരമായി കുറച്ചിട്ടുണ്ട്. ഇല്ലെന്നു പറയുന്നത് ശരിയല്ല. യൂറിയായ്ക്ക് നാലു പ്രാവശ്യമായി പതിനഞ്ചര ശതമാനം വില കുറച്ചിട്ടുണ്ട്. മ്യൂറിയേറ്റ് പൊട്ടാഷിന് നാലു തവണയായി 26.23 ശതമാനംവരെ വില കുറഞ്ഞിട്ടുണ്ട്. അതുപോലെ ഡൈ അമോണിയം ഫോസ്ഫേറിന് 26 ശതമാനത്തിൽ കൂടുതൽ കുറഞ്ഞിട്ടുണ്ട്. എന്നിട്ടും പണ്ടുണ്ടായിരുന്നതിനെക്കാൾ കൂടുതലാണെന്നുള്ളത്. ശരിയാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ മൂന്നു വർഷങ്ങൾക്ക് മുമ്പ് ഉണ്ടായിരുന്ന വിലയേക്കാൾ കൂടുതലാണ്. അതുകൊണ്ടാണ് സംസ്ഥാന ഗവൺമെന്റ് രാസവസ്തുക്കൾക്ക് വില ഇനിയും കുറയ്ക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുള്ളത്. രാസവളങ്ങൾ ഉത്പാദിപ്പിക്കുന്ന ഫാക്ടറികൾ എല്ലാംതന്നെ നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത വിധത്തിൽ ഭീമമായ നഷ്ടത്തിലാണ്. ലോകകമ്പോളത്തിൽ എണ്ണയ്ക്ക് വില കൂടിയപ്പോൾ കേന്ദ്രഗവൺമെന്റ് രാസവളങ്ങളുടെ വില കൂട്ടാൻ നിർബന്ധിതമായിതീർന്നു. അതിനുമുമ്പുപോലും നഷ്ടം സഹിച്ചാണ് കൊടുത്തുകൊണ്ടിരുന്നത്. ഈ സാഹചര്യം നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

വിസ്മരിച്ചിട്ട് കാര്യമില്ല. പക്ഷെ കർഷകരുടെ കാതലായ ഈ സമ്മർദ്ദത്തിനു നൂറു ശതമാനവും വഴങ്ങുന്നുണ്ട്. പക്ഷെ കാര്യങ്ങളാകൂടി കണക്കിലെടുക്കേണ്ടതുണ്ട്. രണ്ടാമത് ചോദിച്ചത് കീടനാശിനികളുടെ വിലയെപ്പറ്റിയാണ്. കീടനാശിനികളുടെ വില നിയന്ത്രിക്കേണ്ടതാണെന്ന് സംസ്ഥാന ഗവൺമെൻറ് ആവശ്യപ്പെട്ടിട്ടുണ്ട്. കീടനാശിനികളുടെ വില കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതിനു സഹായകരമായ രീതിയിൽ കീടനാശിനികളും എസൻഷ്യൽ കമോഡിറ്റീസിന്റെകൂട്ടത്തിൽ ഉൾപ്പെടുത്തണമെന്ന് സംസ്ഥാന ഗവൺമെൻറ് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. പി. ജി. പുരുഷോത്തമൻ പിള്ള : രാസവള ഉൽപാദനത്തിന്റെ കോസ്റ്റ് ഇന്ന് കൂടിയിട്ടുണ്ടെന്നു പറഞ്ഞു. അതിനാവശ്യമായ നാഫ്ത്ത സൽഫർ തുടങ്ങിയ സാധനങ്ങൾ ഇറക്കുമതി ചെയ്യുന്ന ഇൻഡ്യൻ ഓയിൽ കോർപ്പറേഷനും മിനറൽസ് ആൻഡ് മെറ്റൽസ് കോർപ്പറേഷനും മുപ്പത് ശതമാനം ലാഭം എടുത്തുകൊണ്ടിരിക്കുന്നു എന്നുള്ളത് മനസിലാക്കി അതിന്റെ കോസ്റ്റിനെ സ്കെയിൽ ഡൗൺ ചെയ്യാൻ ആലോചിക്കുമോ ?

ശ്രീ. വക്കം പുരുഷോത്തമൻ: ഇതെല്ലാം വലിയ കാര്യമാണെങ്കിൽതന്നെയും നാഫ്ത്ത കൂടുതലും ഇംപോർട്ട് ചെയ്തുകൊണ്ടിരിക്കുകയാണ്. അതിനു വളരെയധികം വില കൂടിയിട്ടുണ്ട്.

ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള : മുപ്പത് ശതമാനം ലാഭം ഇക്കാര്യത്തിൽ ഐ. ഒ. സി. തുടങ്ങിയ കമ്പനികൾ എടുക്കുന്നുണ്ടെന്നു മനസിലാക്കി അതിലെന്തെങ്കിലും ചെയ്യുമോ

(ഉത്തരം പറഞ്ഞില്ല)

ശ്രീ. എൻ. ഐ. ഭേവസ്സിക്കുട്ടി : കേന്ദ്രഗവൺമെൻറ് നിശ്ചയിച്ചിട്ടുള്ള പ്രൊക്യൂവർമെൻറ് പ്രൈസ് വച്ച് ലെവി നെല്ല് മുഴുവനും കൃഷിക്കാരിൽനിന്നും എടുത്തതിനുശേഷം ബാക്കിനെല്ല് സിവിൽസപ്ലൈസ് കോർപ്പറേഷനെക്കൊണ്ടോ മാർക്കറ്റിംഗ് ഫെഡറേഷനെക്കൊണ്ടോ അർദ്ധ ഗവൺമെൻറ് ഏജൻസികളെകൊണ്ടോ കൂടുതൽ വില കൊടുത്ത് കൃഷിക്കാരിൽനിന്നും എടുക്കുന്നത് കേന്ദ്രഗവൺമെൻറിനു സമ്മതമാകുകയില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് കേന്ദ്രഗവൺമെൻറുമായി എന്തെങ്കിലും എഴുത്തുകുത്തുകൾ നടത്തി അതിന് കേന്ദ്രഗവൺമെൻറിൽനിന്നും എന്തെങ്കിലും മറുപടി കിട്ടിയതിന്റെ അടിസ്ഥാനത്തിലാണോ ?

ശ്രീ. വക്കം പുരുഷോത്തമൻ : സംസ്ഥാന ഗവൺമെൻറ് അതിനുവേണ്ട നടപടികൾ ആദ്യം സ്വീകരിച്ചതാണ്. ലെവി അളന്നതിനുശേഷം കുറെക്കൂടി ഫെയർ പ്രൈസ് കൊടുത്ത് കൃഷിക്കാരിൽനിന്ന് നെല്ല് സംഭരിക്കാൻ കഴിയുമോയെന്ന് ഗവൺമെൻറ് പരിശോധിക്കുകയും അതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു, അപ്പോൾ കേന്ദ്രഗവൺമെൻറിൽനിന്ന് എതിർപ്പുണ്ടായി. അങ്ങനെ എതിർപ്പുണ്ടായത് അടിസ്ഥാനപരമാണെന്നാണ് എന്റെ അഭിപ്രായം. കാരണം മറ്റുള്ള സംസ്ഥാനങ്ങളിൽനിന്ന് കുറച്ച് വില കൊടുത്ത് ലെവിനെല്ല് സംഭരിച്ച് കേരള സംസ്ഥാനത്ത് കുറഞ്ഞ വിലയ്ക്ക് അരി വിതരണം ചെയ്യണമെന്ന് നമ്മൾ ആവശ്യപ്പെടുകയും അതേ സമയം നമ്മുടെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ലിന് കൂടുതൽ വില കൊടുക്കുകയും ചെയ്യണമെന്നാവശ്യപ്പെട്ടാൽ, മറ്റുള്ള സംസ്ഥാനങ്ങളിലും കൂടുതൽ വില ലെവി നെല്ലിന് കൊടുക്കേണ്ടിവരുകയും

LIBRARY ARCHIVES Kerala Legislative Assembly

ആ കൂടിയ വിലയ്ക്ക് അരി കേരളത്തിൽ വിതരണം ചെയ്യേണ്ടിവരുകയും ചെയ്യുമെന്നുള്ളതുകൊണ്ടാണ് ഇക്കാര്യം കേന്ദ്രഗവൺമെന്റിന് സ്വീകരിക്കാൻ നിർവ്വാഹമില്ലാതെ വന്നത് അതുകൊണ്ട് കേരളത്തിലെ കർഷകർക്ക് കൂടുതൽ വില കൊടുക്കണമെന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വില കുറച്ച് നെല്ല് സംഭരിച്ച് കേരളത്തിൽ കുറഞ്ഞ വിലയ്ക്ക് അരി വിതരണം ചെയ്യണമെന്നും കേന്ദ്രഗവൺമെന്റിനോട് പറയാൻ ബുദ്ധിമുട്ടുണ്ട്. അതാണ് ഇതിലുള്ള പ്രായോഗികമായ വൈഷമ്യം.

ശ്രീ. റ്റി. വി. തോമസ്: കേരളത്തിൽ മറ്റു സംസ്ഥാനങ്ങളിലുള്ളതിനേക്കാൾ നെല്ല് ഉൽപ്പാദിപ്പിക്കാൻ വരുന്ന ചെലവിലുള്ള അന്തരം അധികമാണെന്നുള്ള കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി ഈ കാര്യത്തിൽ പ്രത്യേക അനുമതി വാങ്ങിക്കുന്നതിന് ശ്രമിക്കുമോ ?

ശ്രീ. വക്കം പുരുഷോത്തമൻ : അതു മുഴുവൻ ശരിയല്ല. ഫെർട്ടിലൈസറിന്റെ വില എല്ലാസ്ഥലത്തും ഒന്നാണ്. പിന്നെ പറയാവുന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം തൊഴിലാളികളുടെ വേതനം കൂടുതലാണ്. അത് സമ്മതിക്കാൻ തയ്യാറാണ്. പക്ഷെ തൊഴിലാളികളുടെ സംഘടിത ശക്തികൊണ്ടല്ലെങ്കിൽകൂടി, തൊഴിലാളികളുടെ ക്ഷാമംകൊണ്ട് ചില സ്ഥലങ്ങളിൽ ഇതിനേക്കാൾ കൂടുതൽ കൂലി കൊടുക്കുന്നുണ്ട്. ഉദാഹരണമായി പഞ്ചാബിൽ പല സ്ഥലത്തും കേരളത്തേക്കാൾ കൂടുതൽ വേതനമാണ് ഉള്ളത്. തൊഴിലാളികളുടെ സംഘടിതശക്തികൊണ്ടല്ല. പഞ്ചാബിൽ രാജസ്ഥാൻ മുതലായ മറ്റു സംസ്ഥാനങ്ങളിൽനിന്നു തൊഴിലാളികളെ കൊണ്ടുവന്നു പണിയെടുപ്പിക്കുന്നതുകൊണ്ടാണ്. ഈ കാര്യങ്ങളെല്ലാം കൂടി മനസ്സിലാക്കണം.

ശ്രീ. പി. ജെ. ജോസഫ്: വളത്തിന്റെ വില കുറയ്ക്കുന്ന കാര്യം കേന്ദ്രഗവൺമെന്റിന്റെ തീരുമാനത്തെ ആശ്രയിച്ചാണിരിക്കുന്നത്. കഴിഞ്ഞ കൊല്ലം സംസ്ഥാനഗവൺമെന്റ് വളത്തിന് വില കുറച്ചുകിട്ടാൻ സബ്സിഡി കൊടുത്തതുപോലെ കീടനാശിനിക്ക് സബ്സിഡി കൊടുത്തു വില കുറച്ചാൽ വൻകിട കൃഷിക്കാർക്കേ അതുകൊണ്ടുള്ള ഗുണം കിട്ടുകയുള്ളു അതുകൊണ്ട് അഞ്ചേക്കറിൽ താഴെയുള്ള നെൽക്കൃഷിക്കാരിൽനിന്നു ഒരു നിശ്ചിത അളവു നെല്ല് ഒരു നിശ്ചിത വിലയ്ക്ക് ഉൽപാദനച്ചെലവിൽ കുറയാത്ത വിലയ്ക്ക് ഗവൺമെന്റ് എടുക്കുമെന്നു പറഞ്ഞുകൊണ്ട് അങ്ങനെ ഏടുക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കുമോ ?

ശ്രീ. വക്കംപുരുഷോത്തമൻ : ബേസിക്കായിട്ട് അതിൽ കേന്ദ്രഗവൺമെന്റിന് അഭിപ്രായവ്യത്യാസമുണ്ട്. ഒരു ഫ്ളോർ പ്രൈസ് നിശ്ചയിച്ച് വലിയ വിലകൊടുത്തു നെല്ലു വാങ്ങുന്നത് ശരിയല്ലെന്നാണ് കേന്ദ്രഗവൺമെന്റിന്റെ അഭിപ്രായം. വലിയ വില കൃഷിക്കാർക്ക് കൊടുക്കണമെങ്കിൽ കേന്ദ്രഗവൺമെന്റിന്റെ എല്ലാ വർഷവും ഒരു കാൺഫറൻസ് നടത്തും. നാഷണൽ പ്രൈസ് കമ്മീഷൻ എല്ലാ സംസ്ഥാന ഗവൺമെന്റുകളേയും വിളിച്ചുവരുത്തി ഒരു കാൺഫറൻസ് നടത്തും. അതിൽവച്ചാണ് ലെവിവില എന്താണെന്നു തീരുമാനിക്കുന്നത്. കേരളത്തിലെ കൃഷിക്കാർക്ക് കൂടുതൽ വില കൊടുക്കണമെന്നു അഭിപ്രായമുണ്ടെങ്കിൽ അവിടെ പോയി പറയണം നാഷണൽ പ്രൈസ് കമ്മീഷന്റെ മുമ്പിൽ പോയി പറയണംവില കൂടണമെന്ന് അങ്ങനെപറഞ്ഞാൽ ഇന്നത്തേക്കാൾ കൂടുതൽ വില കൂട്ടിക്കൊടുത്തു പത്തുലക്ഷം ടണ്ണിൽ കൂടുതൽ അരി വാങ്ങി ഇവിടെ വിതരണം ചെയ്യേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly